# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 339

11.05.2012 ന് മറുപടിയ്ക്ക്

## പാമോയിൽ അഴിമതി കേസിൽ വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ഡോ: ടി.എം.തോമസ് ഐസക്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.സാജു പോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). പാമോയിൽ അഴിമതി കേസിൽ വിജിലൻസിന്റെ അഭ്യർത്ഥനയെ തുടർന്ന് തിരുവനന്തപുരത്തെ വിജിലൻസ് കോടതി തുടരന്വേഷണം അനുവദിച്ചിരുന്നുവോ; | എ) തുടരന്വേഷണം അനുവദിച്ചിരുന്നു. |
| ബി) എങ്കിൽ തുടരന്വേഷണത്തിൽ അന്നത്തെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെയും, സെക്രട്ടറിയുടെയും മൊഴികളിൽ ഉന്നയിക്കപ്പെട്ട സംഗതികൾ പ്രത്യേകം പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | ബി) പരിശോധിക്കപ്പെട്ടിട്ടുണ്ട്. |
| സി തുടരന്വേഷണം നടത്താൻ ഉത്തരവിട്ട കോടതിയിൽതന്നെ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാൻ പറ്റാതിരുന്ന സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ ; | സി) തുടരന്വേഷണം നടന്നുകൊണ്ടിരിക്കെ ബഹു: തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ അപേക്ഷ പ്രകാരം, ബഹു:ഹൈക്കോടതി 31.10.2011ലെ ഒഫീഷ്യൽ |

മെമ്മോറാണ്ടം നം. ഡി3-75001/2011 പ്രകാരം പ്രസ്തുത കേസ് തൃശ്ശൂർ വിജിലൻസ് കോടതിയിലേയ്ക്ക് മാറ്റിയതിനാലാണ് തുടരന്വേഷണം നടത്തുവാൻ ഉത്തരവിട്ട കോടതി യിൽത്തന്നെ തുടരന്വേഷണ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ കഴിയാതിരുന്നത്.

ഡി) മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട ഒരു തുടരന്വേഷണം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഈ വേളയിൽ മുഖ്യമന്ത്രി തൽസ്ഥാനത്ത് തുടരുന്നതുമൂലം അന്വേഷണ സംഘ ത്തിനുണ്ടായ പ്രയാസങ്ങൾ പരിഗണി ക്കുകയുണ്ടായോ ;

ഡി) മുഖ്യമന്ത്രി സ്ഥാനത്ത് തുടരുന്ന വേളയിൽ ഈ കേസിനെ സംബന്ധിച്ച് വിജിലൻസ് കോടതിയുടെ നിർദ്ദേശപ്രകാരം നടത്തിയ തുടരന്വേഷണത്തിന് യാതൊരു പ്രതിബന്ധവും ഉണ്ടായിട്ടില്ല.

ഇ) പാമോയിൽ അഴിമതി കേസിന്റെ ഇപ്പോ ഴത്തെ നില എന്താണെന്ന് വിശദമാ ക്കാമോ ?

ഇ) പ്രസ്തുത കേസിന്റെ തുടരന്വേ ഷണ റിപ്പോർട്ട് 6.1.2012-ൽ ബഹു:തൃശ്ശൂർ വിജിലൻസ് കോടതി മുൻപാകെ സമർപ്പിച്ചു. 24.5.2012-ൽ തുടരന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് കോടതി ഉത്തരവ് പുറപ്പെടുവിച്ചു.

സെക്ഷൻ ഓഫീസർ